# സ്വാതന്ത്ര്യദിന പ്രസംഗം

## പൊതുവായുള്ള പ്രസംഗം

പ്രിയരേ,

രാജ്യം 78-ാമത് സ്വാതന്ത്ര്യദിനം ആഘോഷിക്കുന്ന ഈ സാഹചര്യത്തിൽ ഏവർക്കും ഹൃദയംനിറഞ്ഞ സ്വാതന്ത്ര്യ ദിനാശംസകൾ ആദ്യമേ നേരുന്നു. ഓരോ സ്വാതന്ത്ര്യ ദിനവും കടന്നു പോകുമ്പോൾ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനായി സ്വജീവനും ജീവിതവും ത്യജിച്ച് പോരാടിയ ധീര സമരനായകരെ സ്മരിക്കുന്നതിനൊപ്പം ഒരു ഇന്ത്യൻ പൗരൻ എന്ന നിലയിൽ നാം ഓരോരുത്തരും അഭിമാനിക്കുകയും നമ്മുടെ രാജ്യത്തിന്റെ അന്തസ്സത്ത നിർവചിക്കുന്ന ജനാധിപത്യം, സമത്വം, നീതി എന്നീ ആദർശങ്ങളോടുള്ള പ്രതിബദ്ധത ഊട്ടിയുറപ്പിക്കുകയും ചെയ്യണം.

1947 ഓഗസ്റ്റ് 15-ാം തിയതി ചെങ്കോട്ടയുടെ നെറുകയിൽ രാജ്യത്തിന്റെ പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ത്യവർണ്ണ പതാക ഉയർത്തിയപ്പോൾ അവസാനമായത് ഇരുന്നൂറു വർഷം നീണ്ട ബ്രിട്ടീഷ് കൊളോണിയൽ വാഴ്ച്ചക്കാണ്. അദ്ദേഹത്തിന്റെ ചരിത്രപ്രധാനമായ അർദ്ധരാത്രി പ്രസംഗം ഇപ്പോഴും നമ്മുടെ ഹൃദയങ്ങളിൽ പ്രതിധ്വനിക്കുന്നു: ‘അർദ്ധരാത്രിയിൽ, ലോകം ഉറങ്ങുമ്പോൾ, ഇന്ത്യ ജീവിതത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും ഉണരും.’ അന്നു മുതൽ രാജ്യം ലോകത്തിനുമുന്നിൽ ഒരു പരമാധികാര, സോഷ്യലിസ്റ്റ്, മതേതര, ജനാധിപത്യ റിപ്പബ്ലിക്കായി തലയുയർത്തി നിൽക്കുകയാണ്.

കഴിഞ്ഞ ഏഴു പതിറ്റാണ്ടുകളായി രാജ്യം നടത്തിയ അസാധാരണമായ യാത്രയെക്കുറിച്ച് ഈ സ്വാതന്ത്ര്യ ദിനത്തിൽ നാം ഓർക്കണം. വിഭജനത്തിന്റെ മുറിവുകൾ മുതൽ സാങ്കേതിക നവീകരണത്തിന്റെ കുതിപ്പ് വരെ, സാമ്പത്തിക വെല്ലുവിളികൾ മുതൽ ആഗോള നേതൃത്വം വരെ, ഇന്ത്യ വികസിച്ചു, പൊരുത്തപ്പെട്ടു, ശക്തമായി ഉയർന്നുവരുന്നു. നമ്മുടെ പ്രതിരോധവും ഐക്യവുമാണ് നമ്മുടെ ഏറ്റവും വലിയ ശക്തിയെന്ന് നാം അടിവരയിട്ട് തെളിയിക്കുകയാണ്.

ഇന്ന് നാം ആവോളം ആസ്വദിക്കുന്ന സ്വാതന്ത്ര്യം വെള്ളിത്തളികയിൽ നമുക്ക് നേരെ നീട്ടപ്പെട്ടതല്ല. എണ്ണമറ്റ സ്വാതന്ത്ര്യ സമര സേനാനികളുടെ രക്തവും വിയർപ്പും കണ്ണീരും കൊണ്ടാണ് അത് നേടിയെടുത്തത്. അവരുടെ അചഞ്ചലമായ മനോഭാവവും ദൃഢനിശ്ചയവും മാതൃരാജ്യത്തോടുള്ള ആഴമായ സ്നേഹവുമാണ് അടിച്ചമർത്തലിനെതിരെ ഉയരാൻ ദശലക്ഷങ്ങളെ പ്രേരിപ്പിച്ചത്.

1857ലെ കലാപകാലത്ത് ബ്രിട്ടീഷ് സൈന്യത്തിനെതിരെ അതിശക്തമായി പോരാടിയ റാണി ലക്ഷ്മിഭായിയുടെ വീര്യം; രാജ്യസ്നേഹത്തിനുവേണ്ടി പുഞ്ചിരിയോടെ തൂക്കുമരത്തെ നേരിട്ട ഭഗത് സിംഗ്, രാജ്ഗുരു, സുഖ്ദേവ് എന്നിവരുടെ ത്യാഗം; അഹിംസയുടെയും നിയമലംഘനത്തിന്റെയും

തത്ത്വചിന്ത നമ്മുടെ സ്വാതന്ത്ര്യ സമരത്തിന്റെ ആണിക്കല്ലാക്കി മാറ്റിയ നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധിയുടെ അർപ്പണം; സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തെ വിറപ്പിച്ച സുഭാഷ് ചന്ദ്ര ബോസിന്റെയും ചന്ദ്രശേഖർ ആസാദിന്റെയും മനോധൈര്യം; തുടങ്ങി ചെറുതും വലുതും, അറിയപ്പെടുന്നവരും അറിയപ്പെടാത്തവരുമായ ഒരു പറ്റം രാജ്യസ്നേഹികളായ മനുഷ്യർ നമുക്കായി നേടിത്തന്നതാണ് ഈ സ്വാതന്ത്ര്യം. ഈ ധീര ദേശാഭിമാനികൾ വിലമതിച്ച മൂല്യങ്ങളും ഉയർത്തിപ്പിടിച്ച ആദർശങ്ങളും അവർ വിഭാവനം ചെയ്ത ഇന്ത്യക്ക് വേണ്ടി അക്ഷീണം പ്രവർത്തിക്കാൻ നമുക്ക് പ്രേരക ഊർജ്ജമായിരിക്കണം.

ബ്രിട്ടീഷ് അധീനതയിലെ ഒരു കൊളോണിയൽ രാജ്യം എന്ന നിലയിൽ നിന്ന് ഇന്ത്യ ഇന്ന് എത്തിനിൽക്കുന്നത് ഒരു കാലത്ത് സ്വപ്നം പോലും കാണാൻ കഴിയാതിരുന്നത്ര ഉയരങ്ങളിലാണ്. ഹരിത വിപ്ലവം, ഭക്ഷ്യക്ഷാമമുള്ള രാജ്യത്തിൽ നിന്ന് ഭക്ഷ്യ-കയറ്റുമതി ചെയ്യുന്ന രാജ്യമാക്കി നമ്മെ മാറ്റി. ചന്ദ്രയാൻ, മംഗൾയാൻ തുടങ്ങിയ ദൗത്യങ്ങൾ ബഹിരാകാശ സാങ്കേതികവിദ്യയിൽ നമ്മെ ലോകത്തിന്റെ നെറുകയിലെത്തിച്ചു. ഡിജിറ്റൽ വിപ്ലവം, നഗര-ഗ്രാമ വിഭജനം നിയന്ത്രിച്ച് നമ്മുടെ രാജ്യത്തിന്റെ വിദൂര കോണുകളിലേക്ക് വരെ ആധുനികതയും ശാക്തീകരണവും കൊണ്ടുവന്നു.

ആഗോളതലത്തിൽ നിരവധി വെല്ലുവിളികൾക്കിടയിലും ദ്രുതഗതിയിൽ അനുദിനം വളരുന്ന സമ്പദ്‌വ്യവസ്ഥകളിലൊന്നായി ഇന്ത്യ തുടരുന്നു. കലാ-കായിക രംഗങ്ങളിലും രാജ്യം കൈവരിച്ച ഉന്നതി സമാനതകളില്ലാത്തതാണ്.

ഈ മഹത്തായ രാഷ്ട്രത്തിലെ പൗരന്മാരെന്ന നിലയിൽ, രാജ്യത്തിന്റെ പുരോഗതിക്ക് അനിവാര്യമായ സംഭാവനകൾ നൽകേണ്ടതും നമ്മുടെ സ്വാതന്ത്ര്യ സമര സേനാനികളുടെ ത്യാഗങ്ങൾ വ്യർഥമാകില്ലെന്ന് ഉറപ്പാക്കേണ്ടതും നമ്മുടെ കടമയാണ്. രാഷ്ട്രനിർമ്മാണത്തിൽ നമുക്കോരോരുത്തർക്കും ഒരു പങ്കുണ്ട്. അത് നമ്മുടെ തൊഴിലുകളിൽ മികവ് പുലർത്തുന്നതിലൂടെയോ ഉത്തരവാദിത്തമുള്ള പൗരന്മാരാകുന്നതിലൂടെയോ സഹജീവികളോട് അനുകമ്പയോടെയും കരുതലോടെയും പെരുമാറുന്നതിലൂടെയോ ആകാം. നമ്മുടെ ഭരണഘടന വിഭാവനം ചെയ്യുന്ന മഹത്തായ തത്വങ്ങളായ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവ കാത്തു സൂക്ഷിക്കേണ്ടതും നാം ഓരോരുത്തരുടെയും ഉത്തരവാദിത്തമാണ്.

നമ്മുടെ സ്വാതന്ത്ര്യം വെറുമൊരു പദവിയല്ല, മറിച്ച് ഒരു ഉത്തരവാദിത്തമാണെന്ന് ഓർമ്മയിൽ സൂക്ഷിക്കുക. നമുക്ക് ലഭിച്ചതിനേക്കാൾ ശക്തവും കൂടുതൽ നീതിയുക്തവും സുസ്ഥിരവുമായ ഒരു രാഷ്ട്രം ഭാവി ഇന്ത്യൻ തലമുറക്ക് കൈമാറാൻ നാം കടപ്പെട്ടിരിക്കുന്നു. ഈ സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോൾ, നമ്മുടെ രാജ്യത്തെ അർപ്പണബോധത്തോടെയും സമഗ്രതയോടെയും സേവിക്കുമെന്ന പ്രതിജ്ഞ നമുക്ക് പുതുക്കാം.

രാജ്യത്തിന്റെ വളർച്ചക്കും ഉന്നമനത്തിനുമായി ഊർജ്ജിതമായി പ്രവർത്തിച്ചുകൊണ്ട് നമ്മുടെ സ്വാതന്ത്ര്യത്തിനായി പോരാടിയവരുടെ സ്മരണയെ നമുക്ക് ആദരിക്കാം. നമ്മുടെ ഹൃദയങ്ങളിൽ പ്രതീക്ഷയോടെയും

പ്രവൃത്തികളിൽ നിശ്ചയദാർഢ്യത്തോടെയും, ശോഭനവും കൂടുതൽ സമൃദ്ധവുമായ ഭാവിയിലേക്ക് നമുക്കൊരുമിച്ച് മുന്നേറാം. സ്വാതന്ത്ര്യ ദിനത്തിന്റെ ആശംസകൾ ഒരിക്കൽക്കൂടി നേർന്നുകൊണ്ട് എന്റെ വാക്കുകളെ ചുരുക്കുന്നു.

നമസ്കാരം.
ജയ് ഹിന്ദ്!

# കുട്ടികൾക്കായുള്ള പ്രസംഗം

ബഹുമാനപ്പെട്ട പ്രിൻസിപ്പാൾ, അധ്യാപകരെ, മാതാപിതാക്കളെ, എന്റെ ഏറ്റവും സ്നേഹം നിറഞ്ഞ കൂട്ടുകാരേ,

ഇന്ന് ആഗസ്റ്റ് 15. 1947ൽ ബ്രിട്ടീഷ് ഭരണത്തിൽ നിന്നും മുക്തമായതിന്റെ ഓർമ്മ പുതുക്കി ഇന്ന് നമ്മുടെ രാജ്യം സ്വാതന്ത്ര്യ ദിനം ആഘോഷിക്കുകയാണ്. ഏവർക്കും സ്വാതന്ത്ര്യദിനത്തിന്റെ ആശംസകൾ ആദ്യമേ അറിയിക്കുന്നു. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനായി പോരാടിയ ധീരരായ സ്വാതന്ത്ര്യ സമരസേനാനികളെ ഈ ദിവസം നമ്മൾ ഓർക്കുകയും ആദരിക്കുകയും ചെയ്യുകയാണ്.

വർഷങ്ങൾക്ക് മുമ്പ് ഇന്ത്യ ഒരു സ്വതന്ത്ര രാജ്യമായിരുന്നില്ല. ബ്രിട്ടീഷുകാർ നമ്മെ ഭരിക്കുകയും അന്യായമായ പല നിയമങ്ങളും നമ്മുടെമേൽ അടിച്ചേൽപ്പിക്കുകയും ചെയ്തു. എന്നാൽ മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു, സർദാർ പട്ടേൽ തുടങ്ങിയ നമ്മുടെ മഹത്തായ നേതാക്കളും മറ്റനേകം സ്വാതന്ത്ര്യ സമര സേനാനികളും ഇന്ത്യയെ സ്വതന്ത്രയാക്കാൻ കഠിനാധ്വാനവും ത്യാഗവും സഹിച്ചു.

അവർ സ്വാതന്ത്ര്യ സമര പോരാട്ടങ്ങൾക്കായി മുന്നിട്ടിറങ്ങുകയും മുഴുവൻ ഇന്ത്യക്കാർക്കും ബ്രിട്ടീഷ് ഭരണത്തെ ചെറുക്കാനുള്ള ധൈര്യം നൽകുകയും ചെയ്തു. ഒടുവിൽ, 1947 ഓഗസ്റ്റ് 15-ന് അർദ്ധരാത്രി ഇന്ത്യ ഒരു സ്വതന്ത്ര രാജ്യമായി. എല്ലാ ഇന്ത്യക്കാർക്കും അത് വലിയ സന്തോഷത്തിന്റെയും അഭിമാനത്തിന്റെയും നിമിഷമായിരുന്നു.

എല്ലാ വർഷവും, നമ്മുടെ ദേശീയ പതാക ഉയർത്തി, ദേശഭക്തി ഗാനങ്ങൾ ആലപിച്ചും, നമ്മുടെ സ്വാതന്ത്ര്യ സമര സേനാനികളുടെ ത്യാഗങ്ങളെ സ്മരിച്ചും നമ്മൾ ഈ ദിനം ആഘോഷിക്കുന്നു. നമ്മുടെ രാജ്യത്തെക്കുറിച്ച് അഭിമാനിക്കണമെന്നും അത് കൂടുതൽ മെച്ചപ്പെടുത്താൻ ഒരുമിച്ച് പ്രവർത്തിക്കണമെന്നും ഈ ദിനം നമ്മെ ഓർമ്മിപ്പിക്കുന്നു.

നമ്മുടെ സ്വാതന്ത്ര്യത്തിന് വേണ്ടി പോരാടിയ എല്ലാവരോടും നന്ദി പറയാൻ നമുക്ക് ഒരു നിമിഷം എടുക്കാം. അവർ നമുക്കായി നേടിത്തന്ന സ്വാതന്ത്ര്യത്തെ കാത്തുസൂക്ഷിച്ച് നല്ല പൗരരായി വളരാൻ നമുക്ക് ഈ ദിവസം പ്രതിജ്ഞയെടുക്കാം.

എല്ലാവർക്കും സ്വാതന്ത്ര്യദിനാശംസകൾ!

നന്ദി. നമസ്കാരം.
ജയ് ഹിന്ദ്!

# യുവാക്കൾക്കായുള്ള പ്രസംഗം

വേദിയിലും സദസ്സിലുമായുള്ള ബഹുമാന്യരേ, പ്രിയപ്പെട്ടവരേ,

രാജ്യം സ്വതന്ത്രമായതിന്റെ 78-ാം വാർഷികം ആഘോഷിക്കാൻ നാമെല്ലാവരും ഒത്തുകൂടിയിരിക്കുന്ന ഈ സുദിനത്തിൽ നിങ്ങളെ അഭിസംബോധന ചെയ്ത് സംസാരിക്കാൻ എനിക്ക് ലഭിച്ച അവസരം ഏറെ അഭിമാനകരമായി ഞാൻ കാണുന്നു.

1947 ഓഗസ്റ്റ് 15 ഇന്ത്യൻ ചരിത്രത്തിലെ ഒരു സുപ്രധാന ദിനമാണ്. ഓരോ ഇന്ത്യൻ പൗരന്റെയും അഭിമാനത്തിന്റെ ദിനം. ഏകദേശം 200 വർഷത്തെ ബ്രിട്ടീഷ് ഭരണത്തിൽ നിന്ന് ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ച ദിവസം. അന്ന് ചെങ്കോട്ടയിൽ രാജ്യത്തിന്റെ ത്രിവർണ്ണ പതാക ഉയർന്നുപാറിയപ്പോൾ വാനോളമുയർന്നത് ഇന്ത്യ എന്ന മഹാരാജ്യത്തിന്റ യശസ്സായിരുന്നു.

നമ്മുടെ രാജ്യത്തെ ദുരിതപൂർണമായ ബ്രിട്ടീഷ് സാമ്രാജ്യത്തിൽ നിന്ന് മോചിപ്പിക്കാൻ നിരവധി വിപ്ലവകാരികളും സ്വാതന്ത്ര്യ സമര സേനാനികളും തങ്ങളുടെ ജീവൻ ബലിയർപ്പിച്ചു. ഇന്ത്യൻ മണ്ണിൽ നിന്ന് ബ്രിട്ടീഷുകാരെ പിഴുതെറിയുക മാത്രമല്ല, ഇന്ത്യയുടെ വളർച്ചയും സംസ്കാരവും പൈതൃകവും സംരക്ഷിച്ച് വരും തലമുറക്ക് അതാസ്വദിക്കാൽ പ്രാപ്യമാക്കുയും കൂടിയാണ് അവർ ചെയ്തത്.

1947-ലെ സ്വാതന്ത്ര്യ വർഷം മുതൽ കായികം, വിദ്യാഭ്യാസം, സാങ്കേതികവിദ്യ, സൈനിക ശക്തി തുടങ്ങി എല്ലാ മേഖലകളിലും രാഷ്ട്രം പുരോഗതി കൈവരിച്ചു. ഒരു ജനാധിപത്യ രാഷ്ട്രമെന്ന നിലയിലും വളർന്നുവരുന്ന വികസിത രാഷ്ട്രമെന്ന നിലയിലും ഇന്ത്യയുടെ പ്രശസ്തിയെക്കുറിച്ചും അധികാരത്തെക്കുറിച്ചും അഭിമാനത്തോടെ മറ്റു ലോകരാഷ്ട്രങ്ങൾക്കു മുന്നിൽ അവതരിപ്പിക്കാൻ ഇന്ന് നമുക്ക് കഴിയുന്നുണ്ടെങ്കിൽ നാം കടപ്പെട്ടിരിക്കുന്നത് നമ്മുടെ സ്വാതന്ത്ര്യ സമരനായകരോടും അതിൽ പങ്കെടുത്ത് പോരാടിയ ഓരോരുത്തരോടുമാണ്.

ഗാന്ധി, നെഹ്റു, പട്ടേൽ, ഭഗത് സിംഗ്, റാണി ലക്ഷ്മിഭായി എന്നുതുടങ്ങി ഒരുപറ്റം മുൻനിരപ്പോരാളികളുടെ പേരുകൾ നമുക്ക് സുപരിചിതമാണെങ്കിലും ചരിത്രം രേഖപ്പെടുത്താതെപോയ നിരവധിപ്പേർ ദേശത്തിന്റെ സ്വാതന്ത്ര്യത്തിനായുള്ള വലിയ പോരാട്ടത്തിന്റെ ഭാഗമായിട്ടുണ്ട്. അവരെയെല്ലാം സ്മരിക്കാനും അവരുടെ ധീരതയ്ക്കും അർപ്പണത്തിനും മുന്നിൽ ആദരവർപ്പിക്കാനും ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്.

യുവാക്കളെന്ന നിലയിൽ രാജ്യം ഏറെ പ്രതീക്ഷയോടെയാണ് ഞങ്ങളെ നോക്കിക്കാണുന്നത്. നമ്മുടെ പൂർവ്വികർ നമുക്കായി നേടിത്തന്ന

സ്വാതന്ത്ര്യത്തെ അതിന്റെ പൂർണ്ണതയിൽ എത്തിക്കേണ്ടത് നമ്മൾ യുവതീയുവാക്കളുടെ കടമയാണ്. രാഷ്ട്രത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന, നല്ല പൗരന്മാരാകാൻ ആത്മാർത്ഥമായി ശ്രമിക്കുമെന്ന പ്രതിജ്ഞയാണ് ഞാനടക്കമുള്ള യുവാക്കൾ ഈ ദിനത്തിൽ എടുക്കേണ്ടത്. ഇന്ന് നമ്മൾ അനുഭവിക്കുന്ന സ്വാതന്ത്ര്യം വിലമതിക്കാനാവാത്തതാണ്. നമുക്ക് ലഭിച്ചിരിക്കുന്ന സ്വാതന്ത്ര്യത്തെ പരിപോഷിപ്പിക്കുന്നതിലും അത് പൂർണ്ണഹൃദയത്തോടെ സംരക്ഷിക്കുന്നതിലും നാം പരാജയപ്പെടരുതെന്ന് ഒരിക്കൽക്കൂടി ഓർമ്മിപ്പിച്ചുകൊണ്ട്, ഏവർക്കും സ്വാതന്ത്ര്യ ദിനത്തിന്റെ ആശംസകൾ നേരുന്നു.

നന്ദി. നമസ്ക്കാരം.
ജയ് ഹിന്ദ്!

ENTRI